# ഗവ.ഹൈസ്കൂൾ ഏലൂർ

# പ്രവർത്തന റിപ്പോർട്ട്

## ജൂൺ , ജൂലായ് 2016

# റിപ്പോർട്ട്

ജൂണ് 1 ന് പുതിയ അദ്ധ്യയന വർഷം ആരംഭിച്ചു. പുതിയ കുട്ടികളും, അവരുടെ രക്ഷകർത്താക്കളും, ജനപ്രതിനിധികളും പങ്കെടുത്ത വിപുലമായ ചടങ്ങുകളോടെ പുതിയ വർഷത്തിലെ പ്രവേശനോത്സവം ആഘോഷിച്ചു.

ഉച്ചയ്ക്ക് 1.30 ന് staff meeting , SRG യോഗം ചേർന്ന് ക്ലബ്ബ് ഭാരവാഹികളേയും തെരഞ്ഞെടുത്തു. പിറ്റേ ദിവസം തന്നെ ക്ലാസുകൾ ആരംഭിച്ചു. പഠനത്തില് പിന്നാക്കം നില്ക്കുന്നവരെ കണ്ടെത്തുന്നതിനായിയുള്ള നടപടികൾ ആരംഭിച്ചു. ഒഴിവു സമയങ്ങളിലും വൈകുന്നേരങ്ങളിലും അദ്ധ്യാപകർ അവർക്കായി പ്രത്യേകം പരിശീലനം നൽകിവരുന്നു. എല്ലാ ദിവസങ്ങളിലും അത് തുടരുന്നു.

രണ്ടാഴ്ച കൂടുമ്പോൾ യോഗം ചേരുന്നു. പാഠ്യവിഷയങ്ങൾ ചർച്ച ചെയ്യുകയും, പഠനോപകരണങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. പഠനപ്രവർത്തനങ്ങളുടെ ഭാഗമായി നിർമിക്കുന്ന ചാർട്ടുകളും , മാസികകളുമൊക്കെ ഉണ്ടാക്കുന്നു. വിവിധ ദിനാചരണങ്ങളുടെ ഭാഗമായി , പ്രസംഗം, സ്കിറ്റ്/നാടകം, ക്വിസ്, സെമിനാർ എന്നിവ കുട്ടികൾ അവതരിപ്പിക്കുന്നുണ്ട്. വിദ്യാരംഗം കലാസാഹിത്യവേദി , ഹിന്ദി ക്ലബ്ബ് , english ക്ലബ്ബ്, science ക്ലബ്ബ് social science ക്ലബ്ബ്, തുടങ്ങി വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങളും സ്കൂളിൽ നടന്നു വരുന്നു.

ജൂൺ 5 പരിസ്ഥിതി ദിനാചരണം

പരിസ്ഥിതി ദിനാചരണവുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങളെ കുറിച്ച് ചർച്ച ചെയ്യുന്നതിനായി 03.06.2016 ന് 1.30 മണിക്ക് സ്കൂൾ ഹാളിൽ സയൻസ് ക്ലബ്ബ് അംഗങ്ങളുടെ യോഗം ചേർന്നു. പരിസ്ഥിതി ദിന സന്ദേശം, പ്രതിജ്ഞ, വൃക്ഷതൈകൾ നടൽ, ക്വിസ്, സെമിനാർ എന്നീ പരിപാടികള് നടത്തുവാൻ തീരുമാനിച്ചു.

പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട ബോധവത്കരണം കുട്ടികളിലേക്ക് എത്തിക്കുന്നതിനും പരിപാടികൾ ഉദ്ഘാടനം ചെയ്യുന്നതിനും റിട്ടയഡ് പ്രധാനദ്ധ്യാപകൻ ശ്രീ മാധവൻ കുട്ടി സാറിനെ ക്ഷണിക്കുവാനും തീരുമാനിച്ചു. പോസ്റ്ററുകൾ, പ്ലകാർഡുകൾ, ചാർട്ടുകൾഎന്നിവ തയ്യാറാക്കുവാനുള്ള നിർദേശങ്ങൾ കൊടുത്തു. ജൂൺ 6ാം തീയതി പരിസ്ഥിതി ക്വിസ് നടത്തുവാനും, 20ാം തീയതി സെമിനാർ നടത്തുവാനും തീരുമാനിച്ചു.
കൂടാതെ 26.6.2016 തീയതി ലോക ലഹരിവിരുദ്ധ ദിനത്തിന് സ്പെഷ്യല് അസംബ്ളി കൂട്ടുവാനും, മാഗസീൻ തയ്യാറാക്കുവാനും തീരുമാനിച്ചു. അതിനുള്ള എഡിറ്റോറിയൽ ബോർഡ് അംഗങ്ങളേയും തെരഞ്ഞെടുത്തു.

Chief Editor : Jenjax
Members : Aromal, Rizwan, Akshaya, Gayathri, Bhavyamithra

26.6.2016 ന് ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസ്സിനായി ഏച്ചൂർ എസ്. ഐ ശ്രീ.സുജിത്തിനെ ക്ഷണിക്കാമെന്നും തീരുമാനിച്ചു.

2016 ജൂണ് 6 ന് പരിസ്ഥിതി ദിനാചരണത്തിൻെറ ഭാഗമായി കുട്ടികൾ പോസ്റ്ററുകളും പ്ലകാർഡുകളും തയ്യാറാക്കി കൊണ്ട് വന്നു. ശ്രീ മാധവൻകുട്ടി സർ പരിസ്ഥിതി ദിനാചരണം ഉദ്ഘാടനം ചെയ്തു. പരിസ്ഥിതി ദിനത്തിൻെറ പ്രാധാന്യം സാർ വിവരിച്ചു. ഭവ്യമിത്ര, അബ്ദുൾ സലാം, ജെൻജാക്സ് എന്നിവർ പരിസ്ഥിതി ദിന സന്ദേശം കുട്ടികളിലേക്ക് എത്തിച്ചു, പരിസ്ഥിതി ഗാനം ആലപിച്ചു, പരിസ്ഥിതി ദിന പ്രതിജ്ഞയെടുത്തു.

സ്കൂൾ പരിസരത്ത് ആര്യവേപ്പിൻെറ തൈകൾ നട്ടു. അന്നേ ദിവസം പരിസ്ഥിതി ദിന ക്വിസ് നടത്തി. 10ാം ക്ലാസ്സിലെ രാഹുൽ രാമചന്ദ്രൻ, അശ്വനി രാജേഷ് എന്നിവർ ഒന്നാം സ്ഥാനവും , 10 ലെ തന്നെ അരുണിമ മോഹൻ, 8ാം ക്ലാസ്സിലെ ഭവ്യമിത്ര എന്നിവർ രണ്ടാം സ്ഥാനവും പങ്കിട്ടു.

10ാം ക്ലാസ്സിലെ ശിവ, ഫാരിസ് എന്നിവരുടെ സഹായത്തോടെ എല്ലാ

വിദ്യാർസ്ഥികൾക്കും വൃക്ഷതൈകൾ വിതരണം ചെയ്തു.

13.6.2016 ലെ അസംബ്ളിയിൽ പരിസ്ഥിതി ദിന ക്വിസിൻെറ വിജയികൾക്ക് വാർഡ് കൗൺസിലർ ശ്രീമതി.റഹീമ സമ്മാനങ്ങൾ നൽകി. 10ാം ക്ലാസ്സിലെ കുട്ടികൾ തയ്യാറാക്കിയ പരിസ്ഥിതി പ്രശ്നങ്ങളുമായി ബന്ധപ്പെട്ട ലഘുമാസിക പ്രകാശനം ചെയ്തു.

20.6.2016 ന് 3.30 ക്ക് "പരിസ്ഥിതി പ്രശ്നങ്ങൾ കേരളത്തിനകത്തും പുറത്തും" എന്ന വിഷയത്തിൽ സെമിനാർ നടത്തി. 9 കുട്ടികൾ റിപ്പോർട്ടുകൾ അവതരിപ്പിച്ചു. മോഡറേറ്റർ ആയ 10ാം ക്ലാസ്സിലെ അരുണിമ മോഹൻ ആശയങ്ങൾ ക്രോഡീകരിച്ചു. വ്യത്യസ്തവും അപൂർവ്വവുമായ ജീവികളെ വേട്ടയാടുകയും വിൽക്കുകയും ചെയ്ത് പ്രകൃതിയെ ശൂന്യമാക്കുന്ന അവസ്ഥ, വയലുകളും കൃഷിയിടങ്ങളും നികത്തൽ, വീട്ടുമുറ്റത്ത് സിമന്റ് ഇടുന്നത് മൂലം മഴവെള്ളം മണ്ണിലേക്ക് ഇറങ്ങാതെ കെട്ടികിടങ്ങുന്നതും, മാലിന്യങ്ങൾ അലക്ഷ്യമായി പുഴയിലേക്കും മറ്റും തള്ളുന്നതിനെ കുറിച്ചും ചർച്ച ചെയ്തു. നദീജല സംരക്ഷണം, കുടിവെള്ളപ്രശ്നങ്ങൾ, ബയോഡീഗ്രേഡബൾ മാലിന്യങ്ങൾ തുടങ്ങിയ പ്രശ്നങ്ങളെ പറ്റിയും വിലയിരുത്തി. ഇന്ന് പരിസ്ഥിതി നേരിടുന്ന വെല്ലുവിളികൾക്കെതിരെ കുട്ടികളായ നമുക്ക് എന്തെല്ലാം ചെയ്യുവാൻ കഴിയും എന്നും അരുണിമ കൂട്ടി ചേർത്തു.

പ്രധാനദ്ധ്യാപിക ശ്രീമതി. സുചേത ടീച്ചർ പരിസ്ഥിതിയോട് നമുക്കുണ്ടാകേണ്ട പ്രതിബദ്ധതയെ പറ്റിയും കടമകളെ പറ്റിയും ഓർമിപ്പിച്ചു.

ജൂൺ 19  വായനാദിനം

മലയാള സമൂഹത്തെ തന്നെ വായിക്കുവാൻ പഠിപ്പിച്ച  ശ്രീ. പി. എൻ പണിക്കരുടെ ചരമദിനം.  അദ്ദേഹത്തെ സ്മരിക്കുവാനും വായനയുടെ പ്രാധാന്യം കുട്ടികളിലെക്ക് എത്തിക്കുവാനും വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.

ജൂൺ 20ാം തീയതി അസംബ്ലിയിൽ ശ്രീ. പി.എൻ പണിക്കരുടെ ജീവചരിത്രം ചുരുക്കത്തിൽ അവതരിപ്പിച്ചു.  പ്രധാനദ്ധ്യാപിക ശ്രീമതി. സുചേത ടീച്ചർ, മലയാളം അദ്ധ്യാപികമാരായ ശ്രീമതി. ബിന്ദു ടീച്ചർ, ശ്രീമതി. സാജിത ടീച്ചർ എന്നിവർ സംസാരിച്ചു.  പാഠ്യേതര വിഷയങ്ങൾ വായിക്കുന്നതിൻെറ ആവശ്യകതയും, വായനയുടെ രീതി എന്നീ കാര്യങ്ങൾക്കായിരുന്നു അവർ ഊന്നൽ കൊടുത്തത്.

വായനാദിനവുമായി ബന്ധപ്പെട്ട് ക്ലാസ്സടിസ്ഥാനത്തിൽ ചാർട്ട് ഉണ്ടാക്കുവാൻ നിർദ്ദേശിച്ചു.




തുടർന്നുള്ള എല്ലാ ദിവസങ്ങളിലും ഒരു നോവലിൻെറ കുറച്ച് ഭാഗങ്ങൾ അസംബ്ളിയിൽ വായിച്ചു കേൾപ്പിക്കുവാൻ 8ാം ക്ലാസ്സിലെ ഭവ്യമിത്രയെ ചുമതലപ്പെടുത്തി. തകഴിയുടെ രണ്ടിടങ്ങഴി എന്ന നോവലാണ് ഇപ്പോൾ അസംബ്ളിയിൽ വായിച്ചു കേൾപ്പിക്കുന്നത്.  ഒരാഴ്ചത്തേക്ക് വായനാവാരം ആചരിച്ചു. വായന മത്സരങ്ങൾ, ക്വിസ് എന്നിവയും നടത്തി.



ന്യൂസ് പേപ്പർ ക്വിസ് എല്ലാ മാസവും നടത്തി വരുന്നു. തലേ മാസത്തെ പ്രമുഖ ദിനപത്രങ്ങളിൽ നിന്നും ചോദ്യങ്ങൾ ഉൾപ്പെടുത്തിയാണ് ക്വിസ്  നടത്തുന്നത്.

## <u>ജൂൺ 26 ലോക ലഹരിവിരുദ്ധ ദിനം</u>

ലോക ലഹരിവിരുദ്ധ ദിനവുമായി ബന്ധപ്പെട്ട് 24.6.2016 ന് ചിത്രരചന മത്സരം നടത്തി. 17 പേർ പങ്കെടുത്തു.

1st prize : Merlin Skaria, 8B
2nd prize : Aparna S Anil, 10 A
3rd prize : Josna Jose, 10A

27.6.2016 ന് അസംബ്ളിയില് ലഹരിവിരുദ്ധ പ്രതിജ്ഞയെടുത്തു, സന്ദേശവും മറ്റ് പ്രഭാഷണങ്ങളും ഉണ്ടായിരുന്നു. കുട്ടികൾ ഉണ്ടാക്കിയ പോസ്റ്ററുകൾ പ്രദർശിപ്പിച്ചു.




അന്നേ ദിവസം ഉച്ചക്ക് 2.00 മണിക്ക് ഏലൂർ പോലീസിൻെറ നേതൃത്വത്തിൽ St.Joseph Hospital Manjummel ലെ paediatrician Dr.വെങ്കിടേഷ് മദ്യം, മയക്ക്മരുന്ന് ദൂഷ്യഫലങ്ങളെ പറ്റിയും ആരോഗ്യപ്രശ്നങ്ങളെപറ്റിയും കുട്ടികള്ക്ക് ബോധവത്കരണ ക്ലാസ്സെടുത്തു.

ചിത്രരചന മത്സരത്തിൻെറ വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. സയൻസ് ക്ലബ്ബ് അംഗങ്ങൾ തയ്യാറാക്കിയ "മുക്തി" എന്ന മാഗസീൻ പ്രകാശനം ചെയ്തു.

ജൂലായ് മാസവുമായി ബന്ധപ്പെട്ട് സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനായി 29.6.2016 ൽ 1.15 ന് മീറ്റിങ് കൂടി. 21.7.2016 ലെ ചാന്ദ്രദിനവുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങൾ ഒരുക്കാം എന്നതായിരുന്നു ആദ്യ വിഷയം. കുട്ടികൾ തന്നെ ധാരാളം നിർദേശങ്ങൾ മുന്നോട്ട് വെച്ചു.

1. മാഗസീന്
2. സെമിനാർ
3. ചാന്ദ്രദിന ക്വിസ്
4. എക്സിബിഷൻ     തുടങ്ങിയവ



മാഗസീനിലേക്ക് എന്തെല്ലാം വേണമെന്ന് ചർച്ച ചെയ്തു. 19.7.2016 ന് മുമ്പായി ലേഖനങ്ങൾ, ക്വിസ്, പദപ്രശ്നം, ചാന്ദ്രദൗത്യങ്ങൾ, ഗവേഷണങ്ങൾ, കവിത, ആർട്ടിക്കിൾസ് തുടങ്ങിയവ ശേഖരിച്ച് 9 ാം ക്ലാസ്സിലെ ഐശ്വര്യ യെ ഏല്പ്പിക്കുവാനും നിർദേശിച്ചു.

ജൂലായ് 19 ന് സെമിനാർ, 20 ന് ചാന്ദ്രദിന് ക്വിസ് , 21 ന് എക്സിബിഷൻ നടത്തുവാൻ തീരുമാനിച്ചു. “Exploration of moon” / ചാന്ദ്രപര്യവേക്ഷണം എന്ന വിഷയവുമായി ബന്ധപ്പെട്ട സെമിനാർ ക്ലാസ്സ് അടിസ്ഥാനത്തിൽ നടത്തുവാനും നിർദേശിച്ചു.
എക്സിബിഷനുമായി ബന്ധപ്പെട്ട് എന്തെല്ലാം മോഡലുകൾ, ചാർട്ടുകൾ വേണമെന്നും ചർച്ച ചെയ്തു. ചന്ദ്രൻെറ വൃദ്ധിക്ഷയം, ദൗത്യങ്ങൾ, അടിസ്ഥാന വിവരങ്ങൾ, റോക്കറ്റ്, ബഹിരാകാശവാഹനങ്ങൾ, തുടങ്ങിയ മോഡലുകൾ, ചാർട്ടുകൾ എന്നിവ തയ്യാറാക്കുവാൻ ലിസ്ററ് ചെയ്തു.



08.07.2016 ന് വീണ്ടും സയൻസ് ക്ലബ്ബ് മീറ്റിംഗ് കൂടുകയും സെമിനാർ, എക്സിബിഷൻ, തുടങ്ങിയവയുടെ തയ്യാറെടുപ്പുകള് വിലയിരുത്തി. മാഗസീനിലേക്ക് ലഭിച്ചിരിക്കുന്ന കളക്ഷനുകള് ഐശ്വര്യയുടെ നേതൃത്ത്വത്തില് തരം തിരിച്ചു. എക്സിബിറ്റ് ചെയ്യുവാൻ ഉദ്ദേശിക്കുന്ന working models, still models എന്നിവ

തയ്യാറാക്കുവാനും, അവയെ പറ്റിയുള്ള വിവരങ്ങള് ശേഖരിക്കുവാനും ആവശ്യപ്പെട്ടു. Lunar eclipse, button moon craft, phases of moon, PSLV, other launching vehicles and shuttles എന്നിവയുടെ മോഡലുകള് ലിസ്റ്റ് ചെയ്തു.

15.7.2016 ൽ കൂടിയ മീറ്റിംഗിൽ സെമിനാർ റിപ്പോർട്ടുകൾ സമർപ്പിച്ചു. മാഗസീനിന്റെ കവർ പേജ് തയ്യാറാക്കുവാൻ നിർദേശിച്ചു. ബഹിരാകാശജാലകം CD പ്രദർശിപ്പിക്കാം എന്ന് ആശയം മുന്നോട്ട് വെച്ചു. National Space week നോടനുബന്ധിച്ച് നടന്ന Art fest ൽ തനിക്ക് ലഭിച്ച space pen, certificates എന്നിവ 8 ാം ക്ലാസ്സിലെ ഭവ്യമിത്ര കൊണ്ട് വന്നു, അതും എക്സിബിറ്റായി പ്രദർശിപ്പിക്കാം എന്നും തീരുമാനിച്ചു. തയ്യാറായ മോഡലുകളും, ചാർട്ടുകളും തിങ്കളാഴ്ച്ച തന്നെ കൊണ്ട് വരാൻ ആവശ്യപ്പെട്ടു.

19.7.2016 ന് സെമിനാർ അവതരിപ്പിച്ചു. 8,9,10 ക്ലാസ്സുകളിലെ ടീമുകൾ വളരെ നന്നായി തന്നെ സെമിനാർ അവതരിപ്പിച്ചു. സ്വപ്ന ടീച്ചർ സെമിനാർ അവതരണം എങ്ങിനെ മെച്ചപ്പെടുത്താം എന്ന് വിശദീകരിച്ചു.



ചാന്ദ്രദിനത്തിന് assembly യിൽ അതിഥികളായി ഏലൂർ മുനിസിപ്പൽ കൗൺസിലർമാരേയും, പി.റ്റി.എ പ്രസിഡൻറിനേയും മുഖ്യ അതിഥിയായി ശാസ്ത്ര സാഹിത്യപരിഷത് ആലുവ മേഖല ജോയിൻറ് സെക്രട്ടറി ശ്രീ.ജയമോഹൻ എന്നിവരെ ക്ഷണിക്കുവാനും തീരുമാനിച്ചു. മാഗസീനിന് "ചന്ദ്രകാന്തി" എന്ന് പേര് തീരുമാനിച്ചു. കുട്ടികള് തന്നെ മുന്നോട്ട് വച്ച പേരുകളില് നിന്നുമാണ് ഈ പേര് തെരഞ്ഞെടുത്തത്. കൂടാതെ എക്സിബിഷന് ദിനപത്രങ്ങളില് നിന്നുമുള്ള ബഹിരാകാശ പര്യവേക്ഷണം, ചാന്ദ്രദൗത്യങ്ങള് തുടങ്ങിയവയുമായി ബന്ധപ്പെട്ട പത്രകുറിപ്പുകള് പ്രദർശിപ്പിക്കാം എന്ന ആശയം വച്ചു. IT Club അംഗങ്ങളുടെ സഹായത്തോടെ സയൻസ് ക്ലബ്ബ് ലോഗോ തയ്യാറാക്കി.

20.7.2016 ന് ചാന്ദ്രദിന ക്വിസ് നടത്തി. ഓരോ ക്ലാസ്സ് ഡിവിഷനുകളിലേയും 5 പേരുകളടങ്ങുന്ന 8 ടീം പങ്കെടുത്തു. 10A,10B എന്നീ ടീമുകള് ഒന്നാം സ്ഥാനവും, 9B രണ്ടാം സ്ഥാനവും, 8A മൂന്നാം സ്ഥാനവും കരസ്ഥമാക്കി.



വൈകുന്നേരം 4 മണിക്ക് ശേഷം സയൻസ് ക്ലബ്ബ് അംഗങ്ങള് ചേർന്ന് എക്സിബിഷനുള്ള ചാർട്ടുകളും, മോഡലുകളും പത്രകുറിപ്പുകളും യഥാസ്ഥാനത്ത് എക്സിബിറ്റ് ചെയ്യുന്നതിനുള്ള തയ്യാറെടുപ്പുകൾ ചെയ്തു. അസംബ്ളി ഹാളില് ചന്ദ്രൻ ഉദിച്ചു നില്ക്കുന്ന ആകാശം തയ്യാറാക്കി.



21.7.2016 ന് കൃത്യം 10 മണിക്ക് തന്നെ അസംബ്ളിയും, യോഗവും തുടങ്ങി. യോഗത്തില് വാർഡ് കൗണ്സിലർ ശ്രീമതി. റഹീമ സീ.ബി അദ്ധ്യക്ഷത വഹിച്ചു. സ്കൂള് ഹെഡ്മിസ്ട്രസ്സ് ശ്രീമതി. സുചേത എം. ആർ. സ്വാഗതം ആശംസിച്ചു.



പി.റ്റി.എ പ്രസിഡന്റ് ശ്രീ. കെ ആർ കെ പ്രസാദ്, ഏലൂർ മുനിസിപാലിറ്റിയിലെ പൊതു മരാമത്ത് സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ ശ്രീമതി. സി.പി.ഉഷ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീമതി. മെറ്റിൽഡ എന്നിവർ ആശംസകൾ അർപ്പിച്ചു. മുഖ്യ അതിഥിയായി ശാസ്ത്ര സാഹിത്യപരിഷത് ആലുവ മേഖല ജോയിന്റ് സെക്രട്ടറി ശ്രീ.ജയമോഹൻ സാറും സന്നിഹിതനായിരുന്നു.

കൗണ്സിലർ ശ്രീമതി. സി.പി.ഉഷ സയൻസ് ക്ലബ്ബ് ലോഗോ പ്രകാശനം ചെയ്തു. ശ്രീമതി. മെറ്റില്ഡ മാഗസീൻ പ്രകാശനം ചെയ്തു. കൂടാതെ വിവിധ മത്സരങ്ങളുടെ വിജയികൾക്കുള്ള സമ്മാനദാനവും നടന്നു.



തുടർന്ന് മുഖ്യ അതിഥി ശ്രീ.ജയമോഹൻ സാർ കുട്ടികൾക്കായി ക്ലാസ്സെടുത്തു. ചാന്ദ്രദിനത്തിന്റെ സവിശേഷത, ചാന്ദ്രയാത്രകൾ, ചന്ദ്രന്റെ സവിശേഷതകൾ, അപ്പോളൊ 11 മുതല് 17 വരെയുള്ള യാത്രകൾ, ചന്ദ്രനിൽ നിന്നുമുള്ള ദൂരം മനസ്സിലാക്കുന്നതിന് അപ്പോളൊ സ്ഥാപിച്ച് കണ്ണാടി എന്നിവയെ കുറിച്ചെല്ലാം വളരെ രസകരവും, വിജ്ഞാനപ്രദവുമായ ക്ലാസ്സായിരുന്നു.



അപ്പോളൊ 11 ന്റെ യാത്ര പ്രദർശിപ്പിച്ചപ്പോൾ ഏവർക്കും ചന്ദ്രനിൽ ചെന്നിറങ്ങിയ ഒരു പ്രതീതിയായിരുന്നു. ഭൂമിയിൽ തിരിച്ച് യാത്രികർ ഇറങ്ങുന്നത് വരെയുള്ള ദൃശ്യങ്ങൾ വളരെ കൗതുകകരമായിരുന്നു. കുട്ടികള് സംശയങ്ങൾ ചോദിച്ചു. 12 മണിക്ക് ക്ലാസ്സ് അവസാനിച്ചു.









ക്ലാസ്സ് അടിസ്ഥാനത്തിൽ എല്ലാ കുട്ടികൾക്കും എക്സിബിഷൻ കാണുവാനുള്ള അവസരം നൽകി. എക്സിബിറ്റുകൾ കണ്ടു വന്ന കുട്ടികളോട് ചോദ്യങ്ങൾ ചോദിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. എല്ലാവരുടേയും അഭിപ്രായങ്ങൾ നോട്ട്ബുക്കിൽ രേഖപ്പെടുത്തി.